(c) അതിൽനിന്നും കൊടുങ്ങല്ലൂക്കു കൊടുത്ത ഓഹരി എന്തായിരുന്നു;

(d) ഒരു കൊല്ലം ടി ആപ്പീസ്സിലേക്കു വേണ്ടിവരുന്ന ചിലവിന്റെ തുക എന്താണു്;

(e) ഇതര കനാൽ ആപ്പീസ്സുകളിൽ റജിസ്തുചെയ്യുന്ന കൊടുങ്ങല്ലൂരിലെ വാഹനങ്ങളിൽ നിന്നുണ്ടാകുന്ന പിരിവു കൊടുങ്ങല്ലൂക്കു കൊടുത്തുവരുന്നുണ്ടോ;

(f) കൊടുത്തുവരുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഉവ്വു്.

(b) (c) and (d) അനുബന്ധം നോക്കുക. (*Vide Appendix XI.*)

(e) ഇല്ല.

(f) കൊടുക്കണമെന്നുള്ളതിനു കാരണം കാണുന്നില്ല.

Drainage in Karithala Padom.

440. V. K. Kochunni Menon.—Will the Government be pleased to state:—

(1) whether complaints have not been received from the ryots of Karithala Padom in Ernakulam about the obstruction to the proper drainage of the padom caused by raising of the bed of the canal underneath of the first bridge in the road from Ernakulam to Trippunittura and by putting up pillars there;

(2) is that complaint not real?

Mr. I. Raman Menon.—(1) Yes. The obstruction is due to natural silting up of the bed level of the bridge and also on account of the spoils that might have fallen over the bridge floor when it was repaired.

(2) Yes.

Appointments to the Depressed Classes.

441. മിസ്റ്റർ പി. സി. ചാണ്ടൻ.—(എ) എറണാകുളം ജില്ലയിൽ എത്രമേൽ അധഃകൃതന്മാർ സർക്കാർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടെന്നും;

(ബി) അവരിൽ എത്രപേർക്കു ഉദ്യോഗം നല്കീട്ടുണ്ടെന്നും സഭയെ അറിയിക്കുമോ;

(സി) എറണാകുളം ജില്ലാകളക്ടരായുണ്ടായിട്ടു അതിൽ സവർണ്ണ ഹിന്തുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, എന്നിവരൊഴികെ അവർണ്ണരെന്നു പറയപ്പെടുന്ന ഈഴവരാദികളിൽനിന്നും അധഃകൃതന്മാരിൽപെട്ട പുലയരാദികളിൽനിന്നും എത്രപേരെ ഇതുവരെ ജില്ലാആപ്പീസ്സിൽ നിയമിച്ചിട്ടുണ്ടെന്നും;

(ഡി) ആരേയും ഇതുവരെ നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും സഭയെ പറയുമോ;

(ഇ) ജില്ലാ ശിപായി നിയമനങ്ങളിൽ താഴ്ത്തിപ്രകാരവും ഉയർത്തിപ്രകാരവും എത്രനിയമനങ്ങൾ വീതം ഈ ജില്ലാ കൊല്ലത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതിന്റെ ഒരു ലീസ്റ്റ് ദയവായി മേശപ്പുറത്തു വെയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly